മലമ്പുഴ അകമലവാരം ആദിവാസി വാച്ചർമാർക്ക് മഴക്കാലത്തും ജോലി നൽകാൻ നടപടി

53. [1539] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി പദ്ധതിയിൽ മലമ്പുഴ അകമലവാരത്തിലെ ആദിവാസികളിൽ 12 കൊല്ലം ജോലി നോക്കിയ വാച്ചർ മാർക്ക് മുൻക്കാലങ്ങളിൽ നൽകിയിരുന്നതുപോലെ മഴക്കാലത്തും വേനൽ ക്കാലത്തും നൽകുന്നതുപോലെ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് ഇപ്പോൾ മലമ്പുഴ അകമലവാരം ഭാഗത്ത് തോട്ട പരിചരണ: ജോലികളും ഇല്ലാത്തതിനാൽ വാച്ചർമാർക്ക് മഴക്കാ ലത്തും വേനൽക്കാലത്തും ജോലി നൽകുവാൻ നിർവാഹമില്ല.

ഐ. ആർ. ഡി. പി. ധനസഹായം

54. [1540] ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നാണ് പൂർത്തീകരിച്ചത് ;

(ബി) ഐ. ആർ. ഡി. പി. പദ്ധതിയനുസരിച്ച് എത്രപേർക്ക് ഇപ്പോൾ ധനസഹായം ലഭിക്കുന്നുണ്ട് ;

(സി) എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചത് ;

(ഡി) ജവഹർ റോസ്ഗാർ യോജനപ്രകാരം 1995-96-ൽ ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചു. ഇതിൽ കേന്ദ്രസഹായത്തോടെ നിർമ്മിച്ചവ എത്ര ;

(ഇ) ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ളത് എത്ര കോടി രൂപയാണ് ; ഇതിൽ ഇതുവരെ ചെലവായ തുക എത്ര ;

(എഫ്) ബാങ്ക് സാഹായമായി ലഭിച്ച തുക എത്ര ; ഇതിൽ ചെലവായ തുക എത്ര ;

(ജി) ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയനുസരിച്ച് 1995-96-ൽ ഇതുവരെ എന്തു തുക ചെലവായി ; മൊത്തം തുക എത്രയാണ് ;

(എച്ച്) ഈ പദ്ധതിയുടെ കുടുംബപദ്ധതിയനുസരിച്ച് 1995-96-ൽ എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തിന് ഏർപ്പെടുത്തിയിരിക്കുന്ന വരുമാനപരിധി പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജെ) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(കെ) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും മാഗ്ദനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(എൽ) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1992 ഒക്ടോബറിൽ ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്നാൽ മേൽപ്പറഞ്ഞ ഐ. ആർ. ഡി. പി. സർവ്വേ ലിസ്റ്റിൽ വിന്നും അനർഹരായവരെ ഒഴിവാക്കുന്നതിനും വിട്ടു പോയവരെ കൂട്ടി ചേർക്കുന്നതിനും ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1980-81 സാമ്പത്തികവർഷം മുതൽ 29-2-1996 വരെ 12,64,544 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന സാമ്പത്തിക പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ആസ്തികൾ സ്വന്തമാക്കുന്നതിന് വായ്പയും സബ്സിഡിയും നൽകുന്നതോടൊപ്പം ആവശ്യമായ പ്രവർത്തനമൂലധനവും ഐ. ആർ. ഡി. പി. യിൽ നൽകുന്നു. കാർഷിക മേഖല, വ്യവസായ മേഖല സേവന മേഖല എന്നിവയിലുള്ള കടുംബവരുമാന പദ്ധതികൾക്കാണ് ഈ സഹായം നൽകിവരുന്നത്.

(ഡി) 1995-96 (29-2-1996 വരെ) 17113 വീടുകൾ നിർമ്മിച്ചു. ഇതിനു വേണ്ടിവന്ന തുകയുടെ 80% കേന്ദ്രവും 20% സംസ്ഥാനവുമാണ് വഹിച്ചത്.

(ഇ) 12517.86 ലക്ഷം രൂപ (കേന്ദ്ര വിഹിതം ഉൾപ്പെടെ) ഗ്രാമ വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. 29-2-1996 വരെ 8673.48 ലക്ഷം രൂപ ചെലവായി.

(എഫ്) 4783.50 ലക്ഷം രൂപ ബാങ്ക് സഹായമായി ലഭിച്ചിട്ടുണ്ട്. ഈ തുക മുഴവൻ ചെലവായിട്ടുണ്ട്.

(ജി) 29-2-1996 വരെ 8182.38 ലക്ഷം രൂപ ചെലവായി. 11723 ലക്ഷം രൂപയാണ് മൊത്തം വകയിരുത്തിയിട്ടുള്ളത്.

(എച്ച്) നടപ്പു സാമ്പത്തികവർഷം 29-2-1996 വരെ 33479 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ഐ) കേന്ദ്ര സർക്കാരാണ് ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്.

(ജെ) (ഐ)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(കെ) ഉണ്ട്.

(എൽ) പ്രതിവർഷ വരുമാനം 11,000 രൂപയിൽ കുറവായ ഗ്രാമീണ കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവരായി കണക്കാക്കുന്നത്. ചെറുകിട പരിമിത കർഷക, കർഷകത്തൊഴിലാളികൾ ഗ്രാമീണ കൈത്തൊഴിലുകാർ എന്നിങ്ങനെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാവരും ഐ. ആർ. ഡി. പി.യുടെ ലക്ഷ്യ വിഭാഗത്തിൽപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും വികലാംഗർക്കും പ്രത്യേക പരിഗണന ഈ പരിപാടിയിൽ ഉറപ്പാക്കിയിട്ടുണ്ട്. അകെ സഹായിക്കുന്ന കുടുംങ്ങളിൽ 50 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും 40 ശതമാനം സ്ത്രീകൾക്കും 3 ശതമാനം വികലാംഗർക്കും ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഐ. ആർ. ഡി. പി. മേള

55. [1541] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഐ. ആർ. ഡി. പി. മേള നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly